Rao Sahib I. N. Menon.—In many cases in the event of any certificate not being accepted it will be returned to the applicant. It will be very difficult to trace these. But I can assure the Hon'ble Members that after the modification of the rules recently, no poverty certificate issued by any Panchayat President has been refused.

Appointments in the Anchal Department— Muslim applicants for.

39. മിസ്റ്റർ വി. കെ. കുട്ടി.— താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി പറയുവാൻ ഗവൺമെണ്ടിന്ന് ദയവുണ്ടാകുമോ:—

(ക) അഞ്ചൽ വകുപ്പിൽ വിവിധങ്ങളായ ഉദ്യോഗങ്ങൾക്കായി മുസ്ലീംകളിൽനിന്നും കഴിഞ്ഞ മൂന്ന് കൊല്ലങ്ങൾക്കുള്ളിൽ എത്ര അപേക്ഷകൾ കിട്ടീട്ടുണ്ട്, ആ അപേക്ഷകൾ ഏതെല്ലാം ഉദ്യോഗങ്ങൾക്കായിരുന്നു;

(ഖ) അതിൽ എത്രപേർക്ക് ഉദ്യോഗങ്ങൾ കൊടുത്തിട്ടുണ്ട്, ഏതെല്ലാം ഉദ്യോഗങ്ങൾ ആണ കൊടുത്തത്;

(ഗ) മുസ്ലീംകളുടെ അപേക്ഷകൾ നിലവിലിരിക്കുമ്പോൾ മുസ്ലീംകളല്ലാത്തവരുടെ പുതിയ അപേക്ഷകൾക്ക് മൻഗണനകൊടുത്ത് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ഘ) ഉണ്ടെങ്കിൽ അങ്ങനെയുള്ള എത്ര നിയമനങ്ങൾ നടത്തീട്ടുണ്ട്, അതിനുള്ള കാരണങ്ങൾ എന്ത്?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— (ക) കഴിഞ്ഞ മൂന്ന് കൊല്ലത്തിന്നിപ്പുറം മുസ്ലീംകളിൽനിന്ന് ആകെ ൪ അപേക്ഷകൾ കിട്ടീട്ടുണ്ട്. അവയിൽ ഒന്നാമത്തേത് ഒരു ബ്രാഞ്ചു് അഞ്ചൽ മാസ്റ്ററുടേയും, രണ്ടാമത്തേത് ഒരു സബ്ബ് അഞ്ചൽമാസ്റ്ററുടേയും, മൂന്നാമത്തേത് ഒരു അഞ്ചൽ ശിപായിയുടേയും, നാലാമത്തേത് ഒരു അഞ്ചൽ ഓട്ടക്കാരന്റേയും ഉദ്യോഗങ്ങൾക്കായിരുന്നു.

(ഖ) ഇതിൽ ഒന്നാമത്തെ അപേക്ഷകൻ ബ്രാഞ്ചു് അഞ്ചൽ മാസ്റ്റർ ജോലി പരിശീലിച്ചുവരുന്നുണ്ട്. അതു കഴിഞ്ഞാൽ മാത്രമേ നിയമനം ചെയ്യുവാൻ പാടുള്ളൂ.

രണ്ടാമത്തെ അപേക്ഷകന്ന് ഉദ്യോഗത്തിന്ന വേണ്ടതായ പരീക്ഷായോഗ്യത ഇല്ലാത്തതിനാൽ ആവശ്യപ്പെട്ട ഉദ്യോഗത്തിൽ നിയമിക്കുവാൻ സാധിക്കുന്നതല്ല.

മൂന്നാമത്തെ അപേക്ഷകൻ അഞ്ചൽ ശിപായി പണിക്ക് വേണ്ട ജാമ്മ്യം അടുത്ത കാലത്തു മാത്രമേ കെട്ടീട്ടുള്ളൂ. ഒഴിവുണ്ടാകുമ്പോൾ ടിയാന്റെ കാര്യം ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നാലാമത്തെ അപേക്ഷകന്റെ പേർ, ഉദ്യോഗത്തിന്ന തല്ക്കാലം ഒഴിവില്ലാത്തതിനാൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ന) ഇല്ല.

(ര) മുൻ ന-ാം വകുപ്പു നോക്കുക.

മിസ്റ്റർ വി. കെ. കുട്ടി.— കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കുള്ളിൽ നാലു് അപേക്ഷകൾ കിട്ടീട്ടുണ്ടെന്നു പറയുന്നതിൽ എനിക്കു വിശ്വാസമില്ല. എന്നാൽ അപേക്ഷകന്മാർ കൊടുത്തിട്ടുള്ള ഹർജികൾ ഞാൻ ശേഖരിച്ചിട്ടില്ലാത്തതിനാൽ അതിപ്പോൾ തെളിയിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. സബ്ബ് അഞ്ചൽ മാസ്റ്റർമാരുടെ ജോലിക്കു് എന്താണു പരീക്ഷയോഗ്യത വേണ്ടതെന്നു പറയാമോ?

Mr. T. S. Narayana Ayyar.—They must be School Finals. One of the conditions of the appointment is the furnishing of the security.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— രണ്ടാമത്തെ സമാധാനത്തിൽ മൂന്നാമത്തെ അപേക്ഷകൻ അഞ്ചൽ ശിപായി പണിക്കു് വേണ്ട ജാമ്യം അടുത്ത കാലത്തു മാത്രമേ കെട്ടീട്ടുള്ളൂ, ഒഴിവുണ്ടാകുമ്പോൾ കിടിയാന്റെ കായ്യം ആലോചിക്കുന്നതാണു് എന്നാണു പറഞ്ഞിരിക്കുന്നതു്. ഒഴിവുണ്ടാകുമ്പോൾ കൊടുക്കുമെന്നോ ഇല്ലെന്നോ എന്താണു് അതിന്റെ അർത്ഥമെന്നു മനസ്സിലാകുന്നില്ല.

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— കൊടുക്കുകയില്ലെന്നുള്ള അർത്ഥമില്ല.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— ചുരുക്കത്തിൽ ഈ പറഞ്ഞിട്ടുള്ള സമാധാനത്തിനു് അർത്ഥമില്ല എന്നല്ലേ വിചാരിക്കേണ്ടതു്?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— ആലോചിക്കാം എന്നു പറഞ്ഞിട്ടുള്ള വാക്കിന്റെ അർത്ഥം അതുതന്നെയാണു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.— അയാൾ ജാമ്യം കെട്ടീട്ടുണ്ടു്; ഒരു അപേക്ഷകനുമാണു്. അയാൾക്കു കൊടുക്കാമെന്നു ദയവായി പറയാമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.—ഒഴിവുണ്ടാകുമ്പോൾ ആലോചിക്കുന്നതിനു യാതൊരു വിരോധവുമില്ല. കൊടുക്കാമെന്നു തീർത്തു പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.— വേറെ വല്ല അപേക്ഷകന്മാരുമുണ്ടോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— അതുകൂടി ആലോചിച്ചു വേണം തീച്ചയാക്കാൻ. അതാണു് ആലോചിക്കാനുണ്ടെന്നു പറഞ്ഞതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ.— ഇയാളുടെ കാര്യം ആലോചിക്കുമ്പോൾ വേറെയുള്ള അപേക്ഷകന്മാരുടേയും കാര്യം ആലോചിക്കാമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— വരാൻ പോകുന്ന സംഗതിയെക്കുറിച്ചു തീർച്ച പറയാൻ നിവൃത്തിയില്ല. കൂടുതൽ യോഗ്യതയുള്ളവർ ആരാണെന്നുവച്ചാൽ അവരുടെ കാര്യം അന്നു് ആലോചിക്കുന്നതായിരിക്കും.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി.— ജോലിക്കു നിയമിക്കുവാൻ വേണ്ടി ജാമ്യം കാലേക്കൂട്ടി കെട്ടണമെന്നുണ്ടോ? ജോലിയിൽ ചേർന്നതിനുശേഷം ജാമ്യം കെട്ടിയാൽ പോരേ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— ചില ജോലികൾക്കു പ്രവേശിക്കുന്നതിനുമുമ്പു് ജാമ്യം കെട്ടണം; ചിലതിൽ പ്രവേശിച്ചതിനുശേഷം മതിയെന്നുണ്ടു്. ഇതു് മുമ്പു പറഞ്ഞ വിധത്തിലുള്ളതാണു്.

Mr. C. R. Iyyunni.—There is a distinction between giving an order of appointment and entering into the post. You are referring to the entering into the post and before that he has to furnish security. But is it necessary before the appointment order is issued from the office that he should furnish security?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— ഇതു് അങ്ങനെയുള്ള ഒരു ഉദ്യോഗമായിട്ടാണു കാണുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ.— സെക്യൂരിട്ടി എന്നു പറഞ്ഞാൽ പേഴ്സനൽ സെക്യൂരിട്ടിയോ, പണമോ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— സാധാരണമായി പണമാണു് സെക്യൂരിട്ടി കെട്ടേണ്ടതു്.

മിസ്റ്റർ കെ. അയ്യപ്പൻ.— സെക്യൂരിട്ടി കെട്ടി ആറോ എട്ടോ മാസം കഴിഞ്ഞതിന്റെ ശേഷം ജോലി കിട്ടുവാനിടയില്ലേ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— ഉണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ.— അപ്പോൾ അവർക്കു പലിശ നഷ്ടമില്ലേ?

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ.— സെക്യൂരിട്ടി കെട്ടിക്കഴിഞ്ഞാൽ സാധാരണയുള്ള ക്രമപ്പലിശ അവർക്കും കൊടുക്കും.

Co-operative Societies—Liquidation of—Statistics regarding.

40. **Mr. A. Narayana Menon.**—Will the Government be pleased to state:—

(a) the number of credit co-operative societies in the State, liability of whose members is (i) limited (ii) unlimited;

LIBRARY ARCHIVES Kerala Legislative Assembly